DESPATCHED
On..13/1/22

29/12/2021


സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel 0471 2561615, Fax: 0471 2330920
Email:- sic.ker@nic.in


**AP No. 1817(6)/2016/SIC തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No. 12943/SIC-G5/2016**

**സന്നിഹിതൻ**

**അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷൻ**

ശ്രീ. റിയാസ് സി. എം.,
ചിരക്കി വീട്, മാംഗോ ഗാർഡൻ,
കേങ്കളപ്പറമ്പ്, മണപ്പാടം, പുതുക്കോട്,
പാലക്കാട്. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്,
ഇലക്ട്രിക്കൽ സെക്ഷൻ,
പുതുക്കോട്, പാലക്കാട്.

2. അപ്പീൽ അധികാരി &
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
ഇലക്ട്രിക്കൽ സബ് ഡിവിഷൻ,
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,
ആലത്തൂർ, പാലക്കാട്. } എതിർകക്ഷികൾ

**അന്തിമ ഉത്തരവ്**

മേൽ അപ്പീൽ ഹർജിയിലെ കമ്മീഷന്റെ 2020 ജൂൺ മാസം 18-ാം തീയതിയിലെ ഉത്തരവ് പ്രകാരം പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയായിരുന്ന ശ്രീ. ശരവണൻ വി. എൻ. ലഭ്യമാക്കിയ വിശദീകരണം പരിശോധിച്ചതിൽ എതിർകക്ഷിഭാഗത്തു നിന്നും മനഃപൂർവ്വമായി വിവരം നൽകാതിരിക്കാനോ തെറ്റായി വിവരം നൽകാനോ ഉള്ള ശ്രമങ്ങൾ ഉണ്ടായിട്ടുള്ളതായി കാണുന്നില്ല. ടിയാൻ കമ്മീഷൻ മുമ്പാകെ ലഭ്യമാക്കിയിട്ടുള്ള വിശദീകരണം അംഗീകരിക്കാവുന്നതാണ്. എന്നാൽ വിവരാവകാശ നിയമം കൈകാര്യം ചെയ്യുമ്പോൾ കാണിക്കേണ്ട ജാഗ്രതയും ശ്രദ്ധയും ഒന്നാം എതിർകക്ഷി ചെലുത്തിയിട്ടുള്ളതായി കാണുന്നില്ല. മേലിൽ ഇത്തരത്തിലുള്ള തെറ്റുകൾ ആവർത്തിക്കാതെ ശ്രദ്ധയോടും ജാഗ്രതയോടും വേണം പ്രവർത്തിക്കേണ്ടത് എന്ന് ഒന്നാം എതിർകക്ഷിയെ ശക്തമായി താക്കീത് ചെയ്തുകൊണ്ട് ഈ അപ്പീൽ ഹർജിയിലെ തുടർ നടപടികൾ അവസാനിപ്പിച്ചു കൊണ്ടുള്ള ഉത്തരവ് ഇന്നേ ദിവസം 2021 ഡിസംബർ മാസം 29 -ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**എസ്. എ. രാജലക്ഷ്മി**
**അഡീഷണൽ സെക്രട്ടറി (നിയമം)**

STATE INFORMATION COMMISSION